**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി - റിസ്ക് അലവൻസ്- തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.2/2018/(91)/ധന തീയതി, തിരുവനന്തപുരം,01/01/2018

---

പരാമർശം:- 1.സ.ഉ.(പി)നം.7/2016/ധന തീയതി 20.01.2016

2.സ.ഉ.(കൈ)നം.210/2017/(49)/ധന തീയതി 28.03.17

## **ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ വിവിധ കാറ്റഗറിയിലെ ജീവനക്കാരുടെ റിസ്ക് അലവൻസ് പ്രസ്താവിത നിരക്കുകളിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തസ്തികകളുമായി താരതമ്യം ചെയ്യുമ്പോൾ പരാമർശം (2) ഉത്തരവ് പ്രകാരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ ജീവനക്കാർക്ക് റിസ്ക് അലവൻസ് അനുവദിച്ച ഷെഡ്യൂളിലെ (Annexure X) ഉദ്യോഗപ്പേരുകളിൽ ചില പിശക് സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ റിസ്ക് അലവൻസ് ഷെഡ്യൂളിലെ (Annexure X) ജൂനിയർ കെമിക്കൽ എക്സാമിനർ,

ജോയിന്റ് സയന്റഫിക് എക്സാമിനർ എന്നീ തസ്തികകൾ യഥാക്രമം ജോയിന്റ് കെമിക്കൽ എക്സാമിനർ, ജൂനിയർ സയന്റിഫിക് ഓഫീസർ എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ,
ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
ചീഫ് കെമിക്കൽ എക്സാമിനർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-275574)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ